




## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ - 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# കലയുടെ കളിത്തട്ടിൽ മിന്നുംതാരമായി മഹേശ്വർ

സംഗീതത്തിലും അഭിനയത്തിലും ഒരുപോലെ മികവു തെളിയിച്ചുകൊണ്ട് ഇതാ ഒരു തികഞ്ഞ യുവകലാകാരൻ - മഹേശ്വർ അശോക്. കുരുന്നുപ്രായത്തിൽത്തന്നെ കലാലോകത്തേക്കു പിച്ചവച്ച മഹേശ്വർ ഇന്ന് അഭിനയ - സംഗീതവേദികളിലെല്ലാം നിരന്തരസാന്നിധ്യമായി മാറിക്കഴിഞ്ഞു.

മൂന്നരവയസ്സിൽ, എൺപത്തിയെട്ടു സ്കൂളുകളിൽ നിന്ന് കുട്ടികൾ പങ്കെടുത്ത രാമായണമേളയിൽ അഭിനയഗാനാലാപനത്തിലും ഫാൻസിഡ്രസിലും ഒന്നാം സ്ഥാനം നേടിക്കൊണ്ടാണ് കൊച്ചുമഹേശ്വറിന്റെ കലാജീവിതത്തിന്റെ തുടക്കം. മൂന്നരവയസ്സിൽ ലളിതഗാനപഠനമാരംഭിച്ച അനുഗൃഹീതനായ ഈ കൊച്ചു കലാകാരൻ കൗമാരപ്രായത്തിനുള്ളിൽത്തന്നെ ശാസ്ത്രീയസംഗീതം, കഥകളിസംഗീതം, സോപാനസംഗീതം, ഓട്ടൻതുള്ളൽ, മോണോ ആക്ട്, മിമിക്രി, നാടകം തുടങ്ങിയ മേഖലകളിലെല്ലാംഅഭിമാനാർഹമായ മികവു നേടി. ഈ രംഗങ്ങളിലെല്ലാം ഈ യുവകലാകാരൻ തന്റെ സാധന തുടർന്നുകൊണ്ടിരിക്കുന്നു.

കഥകളിസംഗീതം, ഓട്ടൽതുള്ളൽ, മിമിക്രി, മോണോ ആക്ട്, എന്നീ ഇനങ്ങളിൽ സ്കൂൾ കലോത്സവങ്ങളിൽ സംസ്ഥാനതലത്തിൽ എ ഗ്രേഡോടെ സമ്മാനങ്ങൾ വാരിക്കൂട്ടിയ മഹോശ്വർ പതിമ്മൂന്നു വയസ്സുമുതൽ നാടകങ്ങളിൽ അഭിനയിച്ചുതുടങ്ങുകയും ആ രംഗത്ത് ഇതിനകം തന്റെ സാന്നിധ്യമറിയിക്കുകയും ചെയ്തിരിക്കുന്നു. കാവാലം നാരായണപ്പണിക്കരുടെ കളരിയിലായിരുന്നു അഭിനയജീവിതത്തിന്റെ തുടക്കം. കാവാലത്തിന്റെ നിര്യാണത്തെത്തുടർന്ന് അദ്ദേഹത്തിന്റെ ശിഷ്യനായ സതീഷ് തുരുത്തിയിലിന്റെ കീഴിൽ അഭിനയ പഠനം തുടർന്ന മഹേശ്വർ ചുരുങ്ങിയ കാലത്തിനുള്ളിൽ മൂന്ന് ആൽബങ്ങളും (വി ഷാൽ ഓവർകം, വരവേല്ക്കാം, പുലരേ പുലരേ തിരുവോണം) മൂന്ന് ഷോർട്ട് ഫിലിമുകളും(സിഎസ്എൽ ദി സൈലന്റ്കില്ലർ, സൂര്യകാന്തിപ്പൂക്കൾ, പ്രളയം അനന്തരം) സംവിധാനം ചെയ്യുകയും അഭിനയിക്കുകയും ചെയ്തു കഴിഞ്ഞു. കൂടാതെ, കേന്ദ്ര ബധിരതാമിഷന്റെയും ലൈഫ് മിഷന്റെയും പരസ്യചിത്രങ്ങളിലും അതുപോലെതന്നെ പ്രമുഖ ചലച്ചിത്രസംവിധയകൻ ജോഷി മാത്യുവിന്റെ അങ്ങു ദൂരെ ഒരു ദേശത്ത്, നൊമ്പരക്കൂട്, ജയരാജിന്റെ ഭയാനകം, നിറയെ തത്തകളുള്ള മരം, ബിനോയ് വേളൂരിന്റെ മോസ്കോ കവല, ഒറ്റമരം, അജി കുഴിക്കാടിന്റെ ഡിഎൻഎ എന്നീ ചിത്രങ്ങളിൽ തന്റെ നടനവൈഭവംതെളിയിച്ച മഹേശ്വർ രണ്ടു ചിത്രങ്ങളിൽ അസിസ്റ്റന്റ് ഡയറക്ടറായി പ്രവർത്തിക്കുകയും ചെയ്തു.

സിനിമാരംഗത്തേക്കു തന്നെ കൈപിടിച്ചുയർത്തിയ ശ്രീ ജോഷി മാത്യുവിനെ നന്ദിയോടെ സ്മരിക്കുന്ന മഹേശ്വർ ഒപ്പം തന്നെ തന്റെ ഗുരുനാഥന്മാരായ സതീഷ് തുരുത്തിയിൽ, ഈര ജി. ശശികുമാർ, തൃക്കൊടിത്താനം ഗോപാലകൃഷ്ണൻ, അമ്പലപ്പുഴ സുരേഷ് വർമ എന്നിവരോടുള്ള കടപ്പാടും മറക്കുന്നില്ല.

കഴിഞ്ഞ വർഷം സതീഷ് തുരുത്തിയുടെ സംവിധാനത്തിൽ കാവാലം നാരായണപ്പണിക്കരുടെ അവനവൻ കടമ്പ എന്ന നാടകം നവയുഗ് തിയേറ്റർ അവതരിപ്പിച്ചപ്പോൾ അതിൽ ശ്രീ നെടുമുടി വേണു ചെയ്ത ഒന്നാം പാട്ടുപരിഷയുടെ വേഷമിട്ടു. ഈ നാടകം കേളത്തിൽ നിരവധി വേദികളിൽ അവതരിപ്പിക്കുകയും വലിയ പ്രേക്ഷകശ്രദ്ധ നേടുകയും ചെയ്തു.

2003 മേയിൽ ഷേക്സ്പിയറിന്റെ ടെമ്പസ്റ്റ് എന്ന നാടകത്തിന്റെ ആശയാനുവാദമായ ഉരുൾ എന്ന ഗോത്ര പശ്ചാത്തലത്തിലുള്ള നാടകത്തിൽ ഊരുമൂപ്പനായി വേഷമിട്ടു. ഈ നാടകം വിവിധവേദികളിൽ അവതരിപ്പിച്ചുവരുന്നു.

ഓട്ടൻതുള്ളൽ ശാസ്ത്രീയമായി അഭ്യസിക്കുന്നതിനൊപ്പം വേദികളിൽ അവതരിപ്പിക്കുകയും ചെയ്യുന്ന മഹേശ്വർ ഓട്ടൻതുള്ളലിനെക്കുറിച്ച് സ്കൂളുകളിൽ ക്ലാസ്സുകളും എടുക്കുന്നുണ്ട്. വാഴപ്പള്ളി സെന്റ് തെരേസാസിൽനിന്ന് സ്കൂൾ പഠനം പൂർത്തിയാക്കിയ മഹേശ്വർ ചങ്ങനാശേരി എസ്.ബി. കോളജിലെ ബിരുദാനന്തരബിരുദപഠനത്തിനുശേഷം ചങ്ങനാശേരി എൻ എസ് എസ് ട്രെയിനിങ് കോളജിൽ ബിഎഡ് പഠനം തുടരുന്നു.

തുരുത്തി തത്തനപ്പള്ളിൽ അശോകിന്റെയും കോസ്റ്റ്യൂമർ രാജി അശോകിന്റെയും മകനാണ് മഹേശ്വർ അശോക്. ചേട്ടന്റെ പാത പിന്തുടർന്ന് അഭിനയരംഗത്തേക്കുവന്ന പത്താം ക്ലാസ് വിദ്യാർഥിനിയായ വൈഷ്ണവി അശോക് ഏകസഹോദരിയാണ്.







# ഇന്നത്തെ വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമോ?



**ആൽബിൻ കൊട്ടാരം**
സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ മൈലക്കൊമ്പ്

‘‘മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ദൈവികപൂർണതയുടെ പ്രകാശനമാണ് വിദ്യാഭ്യാസം.’’ -സ്വാമി വിവേകാനന്ദൻ. വ്യക്തികളുടെ സമഗ്രമായ വികാസമാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യംവയ്ക്കുന്നത്. അതുവഴി, സമൂഹത്തെയും സംസ്കാരത്തെയും ലോകത്തെയും മെച്ചപ്പെടുത്തുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ധർമം.

വൈജ്ഞാനികവിസ്ഫോടനങ്ങളുടെ അനന്തരഫലമായി ഉടലെടുത്ത ചിന്താധാരകളിൽ വിദ്യാഭ്യാസമെന്നത് കേവല ഭൗതികജ്ഞാനമായി ചുരുക്കപ്പെടുന്നത് സാധാരണമായിക്കഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ നാൾവഴികളിൽ നിരവധി തത്വശാസ്ത്രങ്ങൾ, അതിനെ പലവിധത്തിൽ നിർവചിച്ചിട്ടുണ്ട്. പൗരസ്ത്യചിന്താധാരകൾ പൊതുവെ ആത്മീയതയിൽ കേന്ദ്രീകൃതമായ ഒരു വിദ്യാഭ്യാസമാണ് വിഭാവനം ചെയ്തത്. ഇന്ത്യൻ തത്വശാസ്ത്രങ്ങളിൽ ആത്മീയമായ വളർച്ചയ്ക്ക് മുൻതൂക്കം നല്കുന്നു. ഐഡിയലിസ്റ്റിക് ചിന്താഗതിക്കാരുടെ പ്രധാന വാദം, ആത്മീയതയിലൂന്നാത്ത വിദ്യാഭ്യാസം അപൂർണമാണ് എന്നാണ്.

വിദ്യയുടെ ആധിക്യം ദൈവമെന്ന ശക്തിക്കെതിരേ ചിന്തിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുകയും തൽഫലമായി ആത്മാവ് എന്നതിനെപ്പോലും നിഷേധിക്കാൻ അതു കാരണമാവുകയും ചെയ്തു. ആത്മാവിന്റെ വികസനവും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണെന്നു പഠിപ്പിച്ചിരുന്ന ഭാരതീയചിന്തകരും പാശ്ചാത്യചിന്തകരും ഇന്നത്തെ കാലഘട്ടത്തിനു പരിഹാസ്യരായിത്തീർന്നുകഴിഞ്ഞു. വിദ്യാഭ്യാസത്തിന്റെ ഈ പുത്തൻപരിഷ്കരണം അതിന്റെ മൂല്യത്തെ ബാധിക്കുന്നുണ്ടോയെന്നതു ചിന്തനീയമാണ്.

സ്നേഹം, സഹിഷ്ണുത, നീതി മുതലായ മൂല്യങ്ങൾക്കു പ്രാധാന്യമുള്ള



മൂല്യാധിഷ്ഠിതവിദ്യാഭ്യാസം ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. ആത്മീയത നഷ്ടപ്പെട്ടപ്പോൾ സ്വാഭാവികമായും ഇത്തരം മൂല്യങ്ങളിലും കോട്ടം വന്നുവെന്നതാണ് സത്യം. ‘തെറ്റിനെ പുറന്തള്ളുകയും സത്യത്തെ കണ്ടെത്തുകയും ചെയ്യുന്ന ആന്തരിക പ്രവൃത്തിയാണ് വിദ്യാഭ്യാസ’മെന്ന് സോക്രട്ടീസ് പറയുമ്പോൾ ഒരുതരത്തിൽ അത് ആത്മീയതയുടെ ഒരു തലംതന്നെയാണ്.

വർധിച്ചുവരുന്ന ആത്മഹത്യകൾ, കൊലപാതകങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെയുള്ള കാരണം വികലമായ വിദ്യാഭ്യാസമാണ്. സമഗ്രമായ വിദ്യാഭ്യാസമാണ് അല്ലെങ്കിൽ പൂർണതയുള്ള വിദ്യാഭ്യാസമാണ് ഒരാൾക്കു ലഭിക്കുന്നതെങ്കിൽ ആ വ്യക്തി ജീവിതത്തെ ക്രിയാത്മകമായി നേരിടും. വിദ്യാഭ്യാസത്തിന്റെ നിലവാരം ഇത്ര ഉയർന്നിട്ടും, ഇത്തരത്തിലുള്ള വാർത്തകൾ നമ്മെ ഞെട്ടിക്കുന്നു.

കലാ-കായികരംഗത്തെ വിദ്യാഭ്യാസത്തിലുൾച്ചേർക്കാൻ നിർബന്ധിക്കുന്നത് അതിന്റെ ആത്മീയ-മാനസികസിദ്ധികൾകൊണ്ടുതന്നെയാണ്. കല നഷ്ടപ്പെട്ടപ്പോൾ അച്ചടക്കവും നഷ്ടപ്പെട്ടുവെന്ന് കലാകാരന്മാർ അഭിപ്രായപ്പെടാറുണ്ട്. യോഗയും കലയും ആദിയായവയെല്ലാം മനുഷ്യന്റെ ആത്മീയവളർച്ചയ്ക്കുവേണ്ടിക്കൂടിയുള്ളതാണ്. രവീന്ദ്രനാഥടാഗോറും സ്വാമി വിവേകാനന്ദനുമെല്ലാം ആത്മീയത വിദ്യാഭ്യാസത്തിന് അനിവാര്യമാണെന്നു വിശ്വസിച്ചവരാണ്.

വിദ്യാഭ്യാസം എന്നത് ബുദ്ധിയുടെ പരിശീലനവും ഹൃദയത്തിന്റെ നവീകരണവും ആത്മാവിന്റെ അച്ചടക്കവുമാണെന്ന് ആധുനിക ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ അമരക്കാരൻ ശ്രീ എസ്. രാധാകൃഷ്ണൻ അഭിപ്രായപ്പെടുന്നു. കാലഘട്ടത്തിന്റെ കലഹങ്ങളിൽ നമ്മുടെ തലമുറ നശിച്ചുപോകരുത്. അതിന് ആത്മീയത അനിവാര്യമാണ്. വിദ്യാഭ്യാസത്തിന്റെ പക്വതയാർന്ന ഫലപ്രാപ്തിക്കും വിനിയോഗത്തിനും മെച്ചപ്പെട്ട ഭാവിക്കും വേണ്ടി ആത്മീയതയിലൂന്നിയ ഒരു വിദ്യാഭ്യാസത്തെ നമുക്കു കരുപിടിപ്പിക്കാം. ■



# കുഞ്ഞേ മടങ്ങുക!

കവിത

കാതുപൊത്താൻ
വയ്യെന്റെ മകളേ,
നിൻ നിലവിളി
പടരുന്നെന്നുടലാകെ
ഉയിരേ!

കുഞ്ഞിളംകൈകൾ
തലോടുന്ന രാവുകൾ
മുറിവേറ്റ നോവുമായ്
ഉഴറുന്നു നെഞ്ചിൽ!

കുഞ്ഞിക്കിലുക്കങ്ങ-
ളൊഴുകുന്ന മുറികൾ
മൂകമായിരുളിനെ
പൊതിയുന്നു നിത്യം!

കാടത്തമുണരുന്ന
മനുജരാണമ്മേ,
വാ പൊത്തിടുന്നോ
ലോകമേ നീയും!

കാട്ടുചെന്നായകൾ
കടിച്ചിഴയ്ക്കുമ്പോഴും
കെഞ്ചുന്ന കണ്ണുകൾ
കാണാതെപോയോ?

നഖമുനകളുടലാകെ
ചൂഴ്ന്നിറക്കുമ്പോൾ,
കേട്ടില്ല മൃഗമേ നീ
അലിവിന്റെ വിളികൾ.

കാമം കിതയ്ക്കുന്ന
മനുജന്റെയുള്ളിൽ
മൃഗത്വം പുഴുക്കുന്നു
രാവുകൾ തോറും!

മുറിവേറ്റ പെണ്ണിന്റെ
കനവാരുകണ്ടു?
വിലപറഞ്ഞീടുന്ന
ലോകമേ പറയൂ...

കുഞ്ഞേ മടങ്ങുക!
കഴുകന്മാർ ചുറ്റും
ഇത് കാമവെറിയരുടെ
നെറികെട്ടലോകം.



**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ ഫോർ വിമൻ എറണാകുളം

# തിരിച്ചറിവ്

കഥ




**അനുഗ്രഹ പ്രസാദ്**
5-ാം ക്ലാസ്
ഗവ.യു.പി.എസ്.
അളനാട്

കഠിനാധ്വാനിയായ ഒരു കർഷകനാണ് അയാൾ. ആ കുടുംബത്തിന്റെ ഏക അത്താണി. കടമെടുത്ത കാശുകൊണ്ട് അന്യന്റെ പറമ്പിൽ പണിയെടുത്ത് വിള വെടുത്ത് അന്നന്നത്തെ അന്നത്തിനു വഴി കണ്ടെത്തുന്നവൻ.

ഓരോ വിളവെടുപ്പുകാലത്തും ഓരോരോ പ്രശ്നങ്ങൾ! കൊടുംചൂട്, പെരുമഴ, കീടങ്ങൾ, കാട്ടുമൃഗങ്ങൾ. അവന്റെ ജീവിതം തട്ടീം മുട്ടീം പൊട്ടീം ചിതറീം അങ്ങനങ്ങനെ മുന്നോട്ടുപോകുന്നു.

പക്ഷിമൃഗാദികളെയും കീടങ്ങളെയും കെണിവച്ചും വിഷംവച്ചും നശിപ്പിക്കാം. തുരത്താം. പക്ഷേ, പ്രകൃതിയെയോ... കൈകൾ മലർക്കെപ്പിടിച്ച് ഉടയവനിലേക്കു നോക്കാം. അല്ലാതെന്തു വഴി! ഒറ്റ ഉത്തരം, ഒറ്റ മാർഗം.

കാലങ്ങൾ കടന്നുപോയി. ആ മനുഷ്യൻ മാറാരോഗത്തിനടിമയായി. നിരാശനായ അയാൾ മരണത്തെ പുല്കാനാഗ്രഹിച്ച് ഒരു മരത്തണലിൽ ഇരിക്കവേ ആ കാഴ്ച കണ്ടു. പക്ഷികൾ പറന്നുല്ലസിച്ചു നടക്കുന്നു. മൃഗങ്ങൾ കൂട്ടുകൂടി കൂത്താടി നടക്കുന്നു. അതിലൊന്നിൽ അയാളുടെ കണ്ണുടക്കി. ചിറകില്ലാത്ത



ഒരു പക്ഷി. അയാൾ അതിനെ അടുത്തു വിളിച്ചു കാര്യമന്വേഷിച്ചു. ഒരു കെണിയിൽപ്പെട്ട് മുറിഞ്ഞുപോയതാണത്രേ അതിന്റെ ചിറക്.

മുറിവു കരിയുവോളം ആ പക്ഷിയനുഭവിച്ച വേദന അയാൾ ഓർത്തു. തീറ്റയോ വെള്ളമോ മരുന്നോ ഇല്ലാത്ത കഷ്ടതയുടെ കാലം. മുറിവുണങ്ങിയിട്ടും ഒറ്റച്ചിറകുമായി ഭക്ഷണത്തിനുവേണ്ടിയുള്ള അലച്ചിൽ. കൂട്ടരോടൊപ്പം ചെല്ലുമ്പോൾ വ്യത്യസ്തനായതിനാലുള്ള ഒറ്റപ്പെടലിന്റെ നോവ്.


പുറംകണ്ണാൽ തന്റെ ദുരിതങ്ങൾ കണ്ട കർഷകൻ അകക്കണ്ണാൽ ആ പക്ഷിയുടെ ജീവിതം കണ്ടു. തൂവലുകൾ കൊഴിഞ്ഞാലും ചിറക് അറുത്തുപോയാലും ഒരു പക്ഷിയും ആത്മഹത്യ ചെയ്യുന്നില്ല. നഷ്ടപ്പെട്ട ചിറകിലേക്കു നോക്കുന്നില്ല. തനിക്കു സ്വന്തമായുള്ള ഒരു ചിറകും തന്റെ ഉടലും അവൻ നേട്ടമായിക്കരുതുന്നു. എന്നാൽ നഷ്ടങ്ങൾ നമ്മെ ദുഃഖിപ്പിക്കും, ചിന്തിപ്പിക്കും, തിരിച്ചറിവുണ്ടാക്കും.

# വിദ്യാഭ്യാസവും തൊഴിലും

‘‘അന്യസംസ്ഥാനങ്ങളിലൊക്കെയുള്ള നിന്റെ കൂട്ടുകാർ ഇങ്ങോട്ടു പഠിക്കാൻ വരുന്നെന്നോ? അതെന്താ?’’ അമ്മ മകനോടു ചോദിച്ചു.

‘‘അവർക്ക് അവിടെ ജയിക്കണമെങ്കിൽ പരീക്ഷ എഴുതാതെ പറ്റില്ലമ്മേ. ഇവിടെ അതു വേണ്ടല്ലോ.’’ മകൻ മറുപടി പറഞ്ഞു.

‘‘അതു ശരിയാണ്. തന്നെയുമല്ല, തൊഴിലിനുമാത്രമല്ല വിദ്യാഭ്യാസത്തിനും അന്യസംസ്ഥാനക്കാർ കേരളത്തെ ആശ്രയിക്കുന്നു എന്ന് നമുക്ക് അഭിമാനിക്കുകയും ചെയ്യാം.’’ അച്ഛനും അഭിപ്രായപ്പെട്ടു.



**ആതിര അജിത്ത്**
8-ാം ക്ലാസ്, സെന്റ് സെബാസ്റ്റ്യൻസ്, അയർക്കുന്നം

# ദൈവഭക്തി ജീവിതവിജയത്തിന്റെ പാത



**അജയ് കെ. ജോസഫ്**
കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ, കാഞ്ഞിരപ്പള്ളി

സുഖദുഃഖങ്ങളാൽ നിറഞ്ഞതാണു മനുഷ്യജീവിതം. ദുഃഖകരമായ അവസ്ഥകളിലൂടെ മനുഷ്യർക്കു കടന്നുപോകേണ്ടിവരും. പലരും തങ്ങളുടെ ജീവിതത്തിന്റെ താളംതെറ്റുമ്പോൾ അസ്വസ്ഥരാകാറുണ്ട്. ജീവിതത്തിൽ അടുത്തത് എന്ത് എന്ന ചോദ്യം പലർക്കും നേരിടേണ്ടിവരും. ആ അവസ്ഥകളിലൊക്കെ നാം നമ്മുടെ മനസ്സിനെ നിരാശയിലേക്കു തള്ളിവിടരുത്. ഒരു പ്രതിസന്ധിഘട്ടത്തെ ഒരു വ്യക്തിക്ക് എങ്ങനെ അതിജീവിക്കാൻ സാധിക്കുമെന്നതിനെ ആശ്രയിച്ചാണ്, ജീവിതത്തിൽ നമ്മുടെ മുന്നിൽ അനന്തസാധ്യതകൾ തുറക്കപ്പെടുന്നത്. നമ്മുടെ മുന്നിൽ തുറന്നുകിടക്കുന്ന സാധ്യതകളെ നന്നായി പ്രയോജനപ്പെടുത്താൻ നമുക്കു സാധിക്കണം. അങ്ങനെ സാധിച്ചില്ലെങ്കിൽ ജീവിതത്തിന്റെ താളം തെറ്റും. ജീവിതം വിലയുള്ളതാക്കുന്നത്, നമ്മുടെ പ്രവർത്തികളാണ്. ജീവിതത്തെ വിലയുള്ളതാക്കേണ്ടത് നമ്മുടെ മാത്രം ഉത്തരവാദിത്വമാണ്.

പ്രശ്നങ്ങളിൽ നാം തളർന്നുപോകുമ്പോൾ ദൈവത്തോടുള്ള ഭക്തി, അവിടെയെല്ലാം ഊർജസ്രോതസ്സായി മാറാറുണ്ട്. എല്ലാറ്റിനും അതീതമായ ഒരു ശക്തിയിലുള്ള വിശ്വാസം ജീവിതത്തെ മുന്നോട്ടു നയിക്കുന്നു. നമ്മൾ വിശ്വാസം അർപ്പിക്കുന്ന സകല ഭൗതികസാഹചര്യങ്ങളും മാറ്റം സംഭവിക്കുന്നതാണ്. 'മാറ്റമില്ലാത്തത് ഒന്നേയുള്ളൂ, മാറ്റം' എന്നാണല്ലോ പറയപ്പെടുന്നത്. നാം ആശ്രയിക്കുന്ന ഭൗതികസാഹചര്യങ്ങൾ എല്ലാം നശ്വരമാണ്. അവയ്ക്കെല്ലാം നാശം സംഭവിക്കും. അനശ്വരമായത് ഒന്നേയുള്ളൂ: ദൈവം! ദൈവം എല്ലാറ്റിന്റെയും അടിസ്ഥാനമായി നിലകൊള്ളുന്ന ശക്തിയാണ്. സകലത്തിന്റെയും ഉദ്ഭവത്തി



നും നിലനില്പിനും കാരണമായ ശക്തി. അതിനാൽത്തന്നെ, ദൈവം അനശ്വരനാണ്. സർവശക്തനാണ്; സർവവ്യാപിയുമാണ്.

'ദൈവം' എന്ന സർവശക്തന്റെ അസ്തിത്വത്തെ, ചോദ്യം ചെയ്യുന്നതു തെറ്റാണ്. യുക്തിവാദികൾ ശാസ്ത്രീയതെളിവുകളാകുന്ന അടിസ്ഥാനത്തിൻമേൽ കാര്യങ്ങളെ ഗ്രഹിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ വിലയിരുത്തി മനസ്സിലാക്കാവുന്ന ഒരു പരീക്ഷണവസ്തുവല്ല, ദൈവം. ശാസ്ത്രമെന്നത് മനുഷ്യന്റെ പരിമിതമായ ബുദ്ധിയിൽ കണ്ടെത്തിയ കാര്യങ്ങളുടെ സമാഹാരംമാത്രമാണ്. മനുഷ്യർക്ക് ഒരുപാടു പരിമിതികളുണ്ട്. അതിനെല്ലാമപ്പുറമാണ് ദൈവം. അനന്തം, അജ്ഞാതം, അവർണനീയമാണ് ഈ പ്രപഞ്ചം. പരന്നുകിടക്കുന്ന പ്രപഞ്ചത്തെപ്പറ്റി നൂറിലൊരു ശതമാനംപോലും അറിവുനേടാൻ മനുഷ്യർക്ക് ഇതുവരെ സാധിച്ചിട്ടില്ല എന്നതാണു സത്യം. പരിമിതമായ ഇത്തരം അറിവുകളുടെ പിൻബലത്തിൽ, സർവശക്തനായ ദൈവത്തെ അളക്കുന്നത് തികഞ്ഞ ബുദ്ധിശൂന്യതയാണ്. സർവശക്തനായ ദൈവത്തിന്റെ ഭാഷ സ്നേഹമാണ്. സ്നേഹമാകുന്ന ചാലകത്തിലൂടെ നമ്മുടെ സഹജീവികളെ അറിയാനും അവരെ മനസ്സിലാക്കാനും നമുക്കു സാധിക്കണം.

ജീവിതത്തിന്റെ പ്രതിസന്ധികളെ ഭയക്കുന്ന ഭീരുക്കളുടെ ഊന്നുവടിയല്ല ദൈവഭക്തി; മറിച്ച്, സർവശക്തനായ ദൈവത്തോടു ചേർന്ന്, ഈ ലോകത്തെയും നമ്മുടെ സഹജീവികളെയും നോക്കിക്കാണുന്നതാണത്. ദൈവഭക്തി സമുദ്രംപോലെയാണ്. അതിന് അന്തമില്ല. അത് ആഴമുള്ളതാണ്. നമ്മുടെ ജീവിതത്തെ ഉത്തമലക്ഷ്യത്തിലേക്ക് എത്തിക്കാൻ, നേരായ പാതയിൽ നയിക്കാൻ; ദൈവഭക്തി സഹായിക്കുന്നു. മഹാന്മാരുടെ ജീവിതങ്ങൾ എടുത്തുനോക്കിയാൽ, അവരുടെ ജീവിതത്തിൽ പരിവർത്തനമുണ്ടാക്കുന്നതിൽ ദൈവത്തിലുള്ള അടിയുറച്ച ഭക്തി എത്രമാത്രം സഹായകരമായിട്ടുണ്ടെന്ന് മനസ്സിലാക്കാം. ജീവിതം ഒരു ഓട്ടമത്സരമാണ്. ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരണം. ജീവിതവിജയം നേടണം. അതിനാൽത്തന്നെ, ദൈവഭക്തിയാകുന്ന ഊർജം നാം സംഭരിച്ചേ മതിയാകൂ. ■



**എന്റെ വര**

**യാന സി. ബി.**
6-ാം ക്ലാസ്
ഗരിമ വിദ്യാവിഹാർ സ്കൂൾ, ഇൻഡോർ







**ഗുണപാഠകഥ**

# മണ്ടനോടു തർക്കം വേണ്ട



**സെലീന ജെയ്മോൻ**
10-ാം ക്ലാസ്
സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്. അയർക്കുന്നം

കഴുതയും കുരങ്ങനും കൂടി രാവിലെ മുതൽ തുടങ്ങിയ തർക്കമാണ്. പുല്ലിനു നീലനിറമാണെന്നു കഴുത. ഇവനെന്തൊരു മണ്ടനാ. പുല്ലിനു പച്ചനിറമാണെന്ന് എല്ലാവർക്കും അറിയാവുന്നതല്ലേ എന്നു കുരങ്ങൻ. ഇവരുടെ തർക്കത്തിന്റെ വിവരമറിഞ്ഞ് മുയലും മാനുമൊക്കെ ചുറ്റിനും കൂടി. കഴുത അവർക്കെല്ലാം പുല്ലിന്റെ നിറത്തെക്കുറിച്ചു വിശദമായി ക്ലാസ്സും എടുത്തു. കുരങ്ങന് ആകെ നാണക്കേടും സങ്കടവും തോന്നി. പുല്ലിന്റെ നിറം പച്ചയാണെന്ന് എല്ലാവർക്കും അറിയാം. എന്നിട്ടും വരുന്നവരെല്ലാം കഴുതയുടെ ഭാഗത്താണെന്ന് അവനു തോന്നി. എന്നാൽ, അവരൊക്കെ കഴുതയോടു തർക്കിച്ചു നാണക്കേടാവാതിരിക്കാൻ മിണ്ടാതിരുന്നതാണ്.

അവസാനം കുരങ്ങൻ പറഞ്ഞു: "ഈ തർക്കത്തിന് ഒരു തീരുമാനം വേണ്ടേ? നമുക്ക് മൃഗരാജന്റെ അടുത്തു പോകാം. രാജാവു പറയട്ടെ പുല്ലിന്റെ നിറം പച്ചയാണോ നീലയാണോ എന്ന്."

കഴുതയും കുരങ്ങനുംകൂടി സിംഹത്തിന്റെ വീട്ടിലേക്കു നടന്നു. കുറച്ചു മൃഗങ്ങളും പിന്നാലെ ചെന്നു.



സിംഹം രണ്ടു പേരുടെയും പരാതി ശ്രദ്ധിച്ചുകേട്ടു. എന്നിട്ട് ഒന്നും ആലോചിക്കാതെ കുരങ്ങനോടു പറഞ്ഞു: "കഴുത പറഞ്ഞതാണു ശരി. പുല്ലിന്റെ നിറം നീലയാണ്. അവനോടു തർക്കിച്ചു സമയം കളഞ്ഞതിനു നീ കൊട്ടാരമുറ്റത്തെ പുല്ലുമുഴുവൻ പറിച്ചു വൃത്തിയാക്കിയിട്ടു വീട്ടിൽ പോയാൽ മതി."

കഴുതയ്ക്കു സന്തോഷമായി. അവൻ മൂളിപ്പാട്ടുംപാടി തുള്ളിച്ചാടി വീട്ടിലേക്കു പോയി. കുരങ്ങനു വളരെ സങ്കടമായി. അവൻ സിംഹരാജനോടു ചോദിച്ചു: "രാജാവേ, അങ്ങേക്കറിയാമല്ലോ പുല്ലിനു പച്ചനിറമാണെന്ന്. പിന്നെ എന്തിനാണ് ആ മണ്ടൻ പറഞ്ഞതുകേട്ട് എന്നെ ശിക്ഷിച്ചത്?"

സിംഹം പറഞ്ഞു: "നീ ആ മണ്ടനോടു തർക്കിച്ചു സമയം കളഞ്ഞതുകൊണ്ടുതന്നെ. വിവരം തീരെയില്ലാത്ത മണ്ടന്മാരോടു തർക്കിക്കാൻ നിൽക്കരുത്. അവരോടു ജയിക്കാൻ ബുദ്ധിമാന്മാർക്കു സാധിക്കുകയില്ല. ഇനിയെങ്കിലും നീ ഇക്കാര്യം ഓർമയിൽ വച്ചോണം."

സിംഹം കുരങ്ങനെ ശിക്ഷയിൽ നിന്നൊഴിവാക്കി സമാധാനിപ്പിച്ചു പറഞ്ഞുവിട്ടു. ■

**കവിത**

# കുസൃതി



**അപർണ്ണാ രാജ്**
GHSS പാളയംകുന്ന്
വർക്കല
തിരുവനന്തപുരം



നേരം ഉദിക്കേ തുടങ്ങും കുറു-
മ്പൊത്ത ചേലല്ല നേരോർക്കു കണ്ണേ...
എങ്കിലും നിൻ ഒത്ത ചേലിൽ
മതിമറന്നാനന്ദം, അമ്മയീ ഞാനേ...

കാറ്റേപ്പിടിക്കാൻ കുതിപ്പതുപോലെയാ-
മോരോ കുസൃതിത്തിമിർപ്പിൽ
തോറ്റു ഞാനമ്മ നിൻ കർമദോഷ-
ത്താലേ ഓടി അണയ്ക്കും വഴിക്കേ...

കണ്ണേ, നിൻ തൂമയെഴും സുന്ദരാനന
വർണ്ണത്തിൽ ഞാനലിയുമ്പോൾ
കർണമിന്നാനന്ദ മേളമോദം
നിന്റെ കൊഞ്ചലിൽ ഞാൻ തളിർക്കുമ്പോൾ

എങ്കിലോ നിൻ കുറുമ്പൊത്തൊരു
ചന്തമല്ലെന്നത് നേരെന്റെ കുഞ്ഞേ
ആടിത്തിമിർക്കുകിൽ ചൂരലാട്ടം
നിന്റെ അമ്മയാമെന്റെ കൈയേറ്റം

ആലോലമാ മുഖം ആലയിൽ വച്ചൂതി
ആട്ടിത്തിരുക്കി വിളക്കാൻ
തോന്നുകല്ലാതെ ഞാനെന്തു ചെയ്യാൻ
നിന്റെ വികൃതിയോ വൈകൃതച്ചന്തം

ചെയ്യുന്നതൊക്കെയും ചെയ്വനയായിടും
ചെങ്കനലൂതിയപോലെ
പമ്പരം പാവകളൊക്കെത്തന്നീടിലും
വമ്പനാം വിരുതനിന്നോട്ടം

താമരക്കയ്യുകൾ ഒന്നു നീട്ടീട്ടങ്ങ്
ചക്കര ചോദിക്കുമെന്നാൽ
കുപ്പായമത്രയും മധുരമാകും
നിന്റെ പായസപ്പുഞ്ചിരിപോലെ

കാലമിന്നങ്ങോട്ടു കാതലോട്ടം
നിന്റെ കൈകാലതൊക്കെ വേരാഴ്ത്തും
എന്നാൽ കുറുമ്പൊട്ടു തീരുകയില്ലെന്നാൽ
എന്നും കരിമ്പായ് ഇനിക്കാം.

# വിജയം കതിർചൂടുമ്പോൾ



അഭിനന്ദ് മനോജ്
ഒന്നാം വർഷം
ബി. ടെക്
കുസാറ്റ്

ഒരു പുതിയ ടീച്ചർ വരുന്നെന്നറിഞ്ഞ് കുട്ടികളെല്ലാവരും വരാന്തയിൽ ത്തന്നെ കാത്തുനിന്നു. കുറെനേരം നിന്നിട്ടും ആരെയും കാണാതായപ്പോൾ അവർ ക്ലാസ്സുകളിലേക്കു തിരിച്ചുകയറി. പെട്ടെന്ന് സ്കൂളിന്റെ മുറ്റത്ത് ഒരു ഓട്ടോറിക്ഷാ വന്നുനിന്നു. അതിൽനിന്ന് ആദ്യം പുറത്തേക്കു നീണ്ടത് രണ്ടു പൊയ്ക്കാലുകളാണ്.

''ചട്ടുകാലിറ്റീച്ചർ...''

ഏതോ വികൃതി വിളിച്ചുകൂവി. കുറച്ചുനേരം കഴിഞ്ഞ് നാലാം ക്ലാസ്സിലേക്ക് ആ പൊയ്ക്കാലുകൾ കടന്നുവന്നു. കസേരയിലിരുന്ന ടീച്ചർ ഓരോരുത്തരെയും പരിചയപ്പെട്ടു. എന്നിട്ട് തന്റെ കഥ പറഞ്ഞുതുടങ്ങി:

എന്റെ പേര് അനിത. ഞാൻ നാലാം ക്ലാസ്സുവരെ ഈ സ്കൂളിൽത്തന്നെയാണ് പഠിച്ചത്. അന്നൊന്നും എന്റെ കാലിന് ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല. ഞാൻ കുഞ്ഞായിരിക്കുമ്പോൾ ത്തന്നെ എന്റെ അച്ഛൻ മരിച്ചുപോയിരുന്നു. സ്വന്തമെന്നു പറയാൻ എനിക്ക് അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഒരു ദിവസം മുറ്റത്തുകൂടി നടക്കുമ്പോൾ എന്റെ കാലിൽ എന്തോ കൊണ്ടു മുറിഞ്ഞു..!

ചെറിയ മുറിവായിരുന്നു. പക്ഷേ, പിറ്റേന്ന് മുറിവു നന്നായി പഴുത്തു!

വൈകിട്ട് പണികഴിഞ്ഞു വന്ന അമ്മ അടുത്ത വീട്ടിലെ കുട്ടിയമ്മയെയും കൂട്ടി എന്നെ അടുത്തുള്ള ആശുപത്രിയിൽ കൊണ്ടുപോയി. പക്ഷേ, മുറിവ് പിന്നെയും വലുതായി.

അവസാനം ഒരു രാത്രിയിൽ ആരോടൊക്കെയോ കടം വാങ്ങിയ കാശുമായി അമ്മ എന്നെ മെഡിക്കൽ കോളേജിൽ എത്തിച്ചു..

പത്തു ദിവസം ഐസിയുവിൽ കിടന്നു..!

പഴുപ്പ് മുകളിലേക്കു കയറി..!

പന്ത്രണ്ടാം നാൾ മുട്ടിനു മുകളിൽ വച്ച് എന്റെ വലതുകാൽ മുറിച്ചുമാറ്റി..!

പിന്നെ കുത്തിത്തുളയ്ക്കുന്ന വേദനയുടെ നാളുകളായിരുന്നു..

ഒപ്പം, കൊടുംപട്ടിണിയും..

പക്ഷേ, ആ കഷ്ടപ്പാടിലൊന്നും അമ്മ തളർന്നില്ല!

എല്ലുമുറിയെ അധ്വാനിച്ച് എന്നെ വളർത്തി..

അമ്മ ചുമലിൽ എടുത്തോണ്ടാണ് എന്നെ സ്കൂളിൽ കൊണ്ടാക്കിയിരുന്നത്..


വളരെ നന്നായി പഠിക്കുന്ന കുട്ടിയായിരുന്നു ഞാൻ..

ഞാൻ നാലാം ക്ലാസ്സിൽ പഠിക്കുന്ന സമയം..

എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആ ദിവസം.

ഞാൻ അന്നു പഠിച്ചിരുന്നത് ഇതേ സ്കൂളിൽ.. ഇതേ ക്ലാസ്സിൽ..

അമ്മിണിറ്റീച്ചർ ഓണപ്പരീക്ഷയുടെ മാർക്കു പറഞ്ഞ ആ ദിവസം..!




അത്തവണ ക്ലാസ്സിൽ എല്ലാ വിഷയത്തിനും ഫസ്റ്റ് എനിക്കായിയുന്നു.

ക്ലാസ്സിൽ നന്നായി പഠിക്കുന്ന, എന്നും ചുവന്ന മാരുതിക്കാറിൽ സ്കൂളിൽ വരുന്ന രമേശ് ഡോക്ടറുടെ മകൾ അഞ്ജലിക്ക് രണ്ടാംസ്ഥാനവും..!

പെട്ടെന്ന് ചാടിയെഴുന്നേറ്റ് എല്ലാവരും കേൾക്കെ അഞ്ജലി പറഞ്ഞു:

''ശരിക്കും ഫസ്റ്റ് എനിക്കാണ്. ഇവള് ഒറ്റക്കാലിയായതുകൊണ്ട് ടീച്ചറ് മാർക്ക് കൂടുതൽ ഇട്ടുകൊടുത്തതായിരിക്കും.''

ഒരു നിമിഷം! എന്റെ മനസ്സ് വല്ലാതെ മുറിഞ്ഞു. ആദ്യമായിട്ടാണ് ഇങ്ങനെയൊരു വിളി ഞാൻ കേൾക്കുന്നത്. അതും എല്ലാവർക്കും മുന്നിൽവച്ച്..!

ഒറ്റക്കാലി..!

നെഞ്ചുപൊട്ടുമാറ് പൊട്ടിക്കരഞ്ഞുപോയി ഞാൻ. നിർത്തി, ഇതോടെ എന്റെ പഠനം നിർത്തി. ഉറച്ച തീരുമാനമായിരുന്നു എന്റേത്..

അമ്മിണിറ്റീച്ചർ ഒന്നും പറഞ്ഞില്ല!

അഞ്ജുവിനെ ശകാരിച്ചതുമില്ല! എന്നെ ചേർത്തുനിറുത്തി നെറുകയിൽ ഒരു ഉമ്മ തന്നു. അതു മതിയായിരുന്നു എനിക്ക്. മുന്നോട്ടുള്ള യാത്രയ്ക്ക് ഊർജമായിരുന്നു അത്.

ഇത്തിരി ബുദ്ധിയും അറിവും ഉപയോഗിച്ച് ഒത്തിരി അധ്വാനവും പ്രയത്നവും കൊണ്ട്..!

അന്ന് അമ്മിണിറ്റീച്ചർ തന്ന ഉമ്മ എന്റെ ജീവിതത്തിൽ വേനലിൽ പെയ്ത ഒരു കുളിർമഴയായിരുന്നു..!

പിന്നെ ഓട്ടമായിരുന്നു..!

ഒറ്റക്കാലിയുടെ മാരത്തോൺ ഓട്ടം..!

പത്താം ക്ലാസും പ്ലസ് ടൂ പരീക്ഷയും മുഴുവൻ ഏ പ്ലസ്സിലാണ് ഞാൻ ജയിച്ചത്!

അധികം പഠിക്കാനോ കാത്തുനില്ക്കാനോ എനിക്കു നേരമില്ലായിരുന്നു!

കാരണം, എന്റെ അമ്മ.

ഇനിയും അമ്മയെ ബുദ്ധിമുട്ടിക്കാൻ വയ്യ..

അതുകൊണ്ട്, എളുപ്പം ജോലി കിട്ടുന്ന ഒരു വിഷയം തിരഞ്ഞെടുത്തു!

അങ്ങനെ ഫസ്റ്റ് ക്ലാസ്സിൽ ഞാൻ ടിടിസി പാസ്സായി!

ഇന്ന് ഞാൻ പഠിച്ച ഇതേ സ്കൂളിൽ... എന്നെ ഒറ്റക്കാലി എന്നു വിളിച്ചാക്ഷേപിച്ച ഇതേ ക്ലാസ്സിൽ ഞാൻ നിങ്ങളുടെ ടീച്ചറായി നിൽക്കുന്നു.

എന്റെ ആദ്യത്തെ ക്ലാസ്സിൽ എന്റെ പ്രിയപ്പെട്ട കുട്ടികളേ, നിങ്ങളോട് എനിക്കൊന്നേ പറയാനുള്ളൂ!

നമുക്കു കുതിച്ചുപായാൻ കുതിരയെപ്പോലെ നാലു കാലുകൾ വേണമെന്നില്ല. മനുഷ്യനെപ്പോലെ രണ്ടു കാലുകളും വേണമെന്നില്ല.

എന്നെപ്പോലെ കൊച്ചുകൊച്ചു വിജയങ്ങൾ നേടാൻ ഇത്തിരി അറിവും ഒത്തിരി പ്രയത്നവും ധാരാളം മതി.

കരഞ്ഞുകൊണ്ടിരുന്നാൽ ജീവിതാവസാനംവരെ കരയാനേ നേരം കാണൂ. ■

# ശ്വാസം



അകലെ തീരത്തടുക്കാൻ
വെമ്പി നിൽക്കുന്ന തിരയും,
ഒന്നു പുണരാനാവാതെ
നിറുകയിൽ ചുംബനം നൽകി
യാത്രയാകുന്ന കരയും
ശ്വാസത്തിന്റെ ഏതു കണികയിൽ
ബന്ധിക്കപ്പെട്ടവരാണ്?

സൂര്യന്റെ പിൻവിളികൾ കേൾക്കാതെ
കറുപ്പണിഞ്ഞ് യാത്രയാകുന്ന സന്ധ്യ
ശ്വാസത്തിന്റെ
നെരിപ്പോടിൽ
നീറുന്നതെന്തിനാണ് ?

കിനാവെട്ടത്തിൽ കണ്ണുചിമ്മാതെ
പറഞ്ഞുതീരാത്ത കഥകളുടെ
ഓളത്തിൽ മഴയിൽ മുളയ്ക്കുന്ന
കുമിളകളെപ്പോലെ അലിഞ്ഞുതീരുന്ന
നീയും ഞാനും വെറും
ശ്വാസമാവുന്നു!



ജയലക്ഷ്മി ജി.
എം.എ. ഇക്കണോമിക്സ്
ഇഗ്നോ, സി.എം.എസ്.
കോളജ്, കോട്ടയം

# കൂട്ടുകാരന്റെ വീട്



അഷ്ന ബീഗം എ.
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല,
തിരൂർ

''മോന്റെ സ്കൂളിലെ ബെസ്റ്റ് ഫ്രണ്ട് ആരാ?''

അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അച്ഛൻ മോനോടു ചോദിച്ചു.

''ഒത്തിരിപ്പേരുണ്ട്. എന്നാലും രാജൂനോടാണ് കൂടുതൽ ഇഷ്ടം. പാവാണ്. അച്ഛൻ കൂലിപ്പണി ചെയ്യുന്നു. ചെറിയ വീടാണ്; അതും ചോർന്നൊലിക്കുന്നത്.''

''മോനെങ്ങനെയാ അറിഞ്ഞത്?''

''ഞാനൊരു ദിവസം അവിടെപ്പോയിട്ടുണ്ട്. നല്ല മഴ പെയ്താൽ പിറ്റേദിവസം അവൻ വരില്ല. വീട്ടിൽ വെള്ളം കേറീട്ട്.'' മകൻ അച്ഛന്റെ അടുത്തേക്കു ചേർന്നിരുന്നു. എന്നിട്ട് പതുക്കെ ചോദിച്ചു:

''നമുക്ക് അവന്റെ വീട് നന്നാക്കാനുള്ള പൈസ കൊടുത്താലോ അച്ഛാ?''

''കൊടുക്കാം. പക്ഷേ, നമ്മൾ ഇത്തവണ പോകാൻ തീരുമാനിച്ച ടൂർ അടുത്ത വർഷത്തേക്കു മാറ്റിവയ്ക്കേണ്ടിവരും.''

''അതു സാരല്ല. അടുത്ത വർഷം പോയാ മതി. നമുക്ക് അവന്റെ വീട് ശരിയാക്കിക്കൊടുക്കാം അച്ഛാ.'' മോളും പറഞ്ഞു.

അയാൾ ഒരു പുഞ്ചിരിയോടെ ഭാര്യയെ നോക്കി. അവളുടെ മുഖത്തും പുഞ്ചിരി.

മക്കളെക്കുറിച്ച് അയാൾക്ക് വല്ലാത്ത മതിപ്പു തോന്നി. മൂത്തവൻ ഏഴിലും രണ്ടാമത്തവൾ അഞ്ചിലും പഠിക്കുന്നു. ഈ ചെറിയ പ്രായത്തിലും അവർക്കങ്ങനെ ചിന്തിക്കാൻ പറ്റുന്നുണ്ടെങ്കിൽ അത് അവരുടെ അമ്മയുടെ നന്മതന്നെയാണ്.

''നമുക്ക് രാജൂന്റെ വീടു കാണാൻ പോകാം, ഇന്നുതന്നെ.'' അവിടേക്കു കുറച്ചുദൂരമേ ഉണ്ടായിരുന്നുള്ളൂ.

ഒരു സൈഡിൽ കാറൊതുക്കി നടന്നു.

ചെറിയ കുറച്ചു വീടുകൾ. മകൻ പറഞ്ഞതുപോലെ അതിലെ ഏറ്റവും മോശമായ വീടുതന്നെയാണത്.

വാതിലിൽ മുട്ടിയപ്പോൾ ഒരു ചെറിയ കുട്ടി വാതിൽ തുറന്ന് ഉള്ളിലേക്കോടി തിരിച്ചുവന്നു. രാജു മുന്നിലും പിന്നാലെ അച്ഛനും അമ്മയും. മോനെ അവർക്കു പരിചയമുണ്ടായിരുന്നു.

അച്ഛൻ മനസ്സിൽ വിചാരിച്ചു. മകന് തെറ്റിയിട്ടില്ല. അവന്റെ ബെസ്റ്റ് ഫ്രണ്ടാക്കാൻ പറ്റിയ കുട്ടിതന്നെയാണ് രാജു. നന്നായി പഠിക്കും. പെരുമാറ്റവും നല്ലത്. ഈ അവസ്ഥയിലും മക്കളെ നന്നായി വളർത്തിയ ആ മാതാപിതാക്കളെക്കുറിച്ച് അയാൾക്കു മതിപ്പുതോന്നി.

വീട് നന്നാക്കാനുള്ള ഏർപ്പാടുകൾ ഉടനെ ചെയ്യാമെന്നു പറഞ്ഞപ്പോൾ അവരുടെ കണ്ണിൽ ഒരേ സമയവും സന്തോഷവും സങ്കടവും പെയ്യുന്നതായി അയാൾക്കു തോന്നി.

യാത്ര പറഞ്ഞിറങ്ങി. എല്ലാവർക്കും നല്ല സന്തോഷം. പ്രത്യേകിച്ച് മോന്. ■

